**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 06/2024**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ സുവിശേഷ ദൗത്യം വിവിധ തലങ്ങളിൽ അർത്ഥപൂർണ്ണമായി നിർവ്വഹിക്കുന്നതിന് സഭ ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. പ്രത്യേകിച്ച് കുഷ്ഠരോഗികളുടെ മക്കൾക്കായി നടത്തപ്പെടുന്ന തെലുങ്കാനയിലെ യാച്ചാരം, പൂനയിലെ ദേഹുറോഡ്, എയ്ഡ്സ് രോഗികളുടെ കുഞ്ഞുങ്ങൾക്കായി നടത്തപ്പെടുന്ന ബാംഗ്ലൂരിലെ കുണിഗൽ തുടങ്ങിയ സ്ഥലങ്ങളിലെ ബാലഗ്രാമുകളും അതോടനുബന്ധിച്ചുള്ള മറ്റ് മിഷൻ പ്രവർത്തനങ്ങളും അനുഗ്രഹകരമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്നതിൽ നാം അതിയായി സന്തോഷിക്കുന്നു. യാച്ചാരം ബാലഗ്രാമിൽ കുഷ്ഠരോഗികളുടെ നൂറോളം കുഞ്ഞുങ്ങൾ ഒന്നാം ക്ലാസ്സു മുതൽ എഞ്ചിനീയറിംഗ്, എം.ബി.ബി.എസ്. തുടങ്ങിയ തലങ്ങളിൽ വരെ പഠിക്കുന്നു. പഠനശേഷം വിദേശത്തും സ്വദേശത്തുമായി അവർ ജോലി ചെയ്യുന്നു. ബാലഗ്രാമിനോട് ചേർന്ന് നടത്തപ്പെടുന്ന കണ്ണാശുപത്രിയും, വൃദ്ധമന്ദിരവും ഭംഗിയായി പ്രവർത്തിക്കുന്നു. ഇത് സമീപ ഗ്രാമവാസികൾക്ക് ഒരു അനുഗ്രഹമാണ്. ഇതോടനുബന്ധിച്ചുള്ള ഹൈസ്കൂൾ ഭംഗിയായി നടന്നുവരുന്നു. ക്രൈസ്തവ സാക്ഷ്യത്തിന്റെ പ്രകാശഗോപുരങ്ങളായി ഈ സ്ഥാപനങ്ങൾ കൂടുതലായി വളരുകയും വികസിക്കുകയും ചെയ്യുവാൻ നമുക്കു പ്രാർത്ഥിക്കാം.

പ്രിയരെ, ഈ വർഷത്തെ ഗർബോ ഞായറാഴ്ച ഫെബ്രുവരി 18-ാം തീയതിയാണല്ലോ. അന്നേ ദിവസം ലോകമെങ്ങുമുള്ള കുഷ്ഠരോഗികൾക്കും എയ്ഡ്സ് രോഗികൾക്കും വേണ്ടിയും, പ്രത്യേകിച്ച് നമ്മുടെ സഭ വകയായി നടത്തപ്പെടുന്ന സ്ഥാപനങ്ങൾക്കുവേണ്ടിയും അതിലെ പ്രവർത്തകർക്കുവേണ്ടിയും പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം. അന്നേദിവസത്തെ കാണിക്കയും പ്രത്യേക സംഭാവനകളും ചേർത്ത് The Director, St. Gregorios Balagram, Yacharam P.O., Ibrahim Pattnam (Via), R.R. District, Telengana എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 ജനുവരി മാസം 02-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.